സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 184 2024 നവംബർ 08 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പി.പി ദിവ്യയുടെ ജാമ്യം പ്രോസിക്യൂഷന്റെ പരാജയം, വ്യക്തമായ തെളിവുകൾ ഹാജരാക്കിയില്ല: ചെന്നിത്തല

കണ്ണൂർ: എ.ഡി.എം. കെ. നവീൻബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റിമാൻഡിൽ കഴിയുന്ന ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് പി.പി ദിവ്യയക്ക് ജാമ്യം ലഭിക്കാൻ കാരണം പ്രോസിക്യൂഷന്റെ പരാജയമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. വ്യക്തമായ തെളിവുകൾ ഹാജരാക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതാകാം ദിവ്യയുടെ ജാമ്യത്തിൽ കലാശിച്ചതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ജില്ലാ സെഷൻസ് ജഡ്ജി കെ.ടി. നിസാർ അഹമ്മദാണ് ജാമ്യം അനുവദിച്ചത്. ജില്ല വിടാൻ പാടില്ല, എല്ലാ തിങ്കളാഴ്ചയും അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണം എന്നീ ഉപാധികളിലാണ് ജാമ്യം.

എ.ഡി.എം നവീൻബാബുവിന്റെ മരണം

പി.പി. ദിവ്യയ്ക്ക് ജാമ്യം

തലശ്ശേരി: കണ്ണൂർ എ. ഡി. എം. കെ. നവീൻബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റിമാൻഡിൽ കഴിയുന്ന ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് പി.പി. ദിവ്യക്ക് ജാമ്യം. ജില്ലാ സെഷൻസ് ജഡ്ജി കെ.ടി. നിസാർ അഹമ്മദാണ് ജാമ്യം അനുവദിച്ചത്. ജില്ല വിടാൻ പാടില്ല, എല്ലാ തിങ്കളാഴ്ചയും അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണം എന്നീ ഉപാധികളിലാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്.

ചൊവ്വാഴ്ച വാദംകേട്ട കോടതി വിധിപറയാൻ മാറ്റുകയായിരുന്നു. കളക്ടറോട് നവീൻ ബാബു കുറ്റസമ്മതം നടത്തിയെന്ന വാദമായിരുന്നു പ്രതിഭാഗം കോടതിയിൽ ഉന്നയിച്ചത്. ആരോപണം നിലനിൽക്കുന്നതല്ല. ദിവ്യ അന്വേഷണസംഘവുമായി സഹകരിച്ചു. മുൻകൂർ ജാമ്യാപേക്ഷ തള്ളിയപ്പോൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് മുമ്പാകെ ഹാജരായി. കൈക്കൂലി നൽകിയതിന് ശാസ്ത്രീയ തെളിവ് നൽകി. യാത്രയയപ്പ് ദൃശ്യം ദിവ്യ കൈമാറിയിട്ടില്ല എന്നീ വാദങ്ങളും ദിവ്യ കോടതിയിൽ അവതരിപ്പിച്ചു. സ്ത്രീയാണെന്നും ഭരണാധികാരിയായിരുന്നുവെന്നും പത്താംക്ലാസിൽ പഠിക്കുന്ന പെൺകുട്ടിയുടെ അമ്മയാണെന്നും ജാമ്യഹർജിയുടെ വാദത്തിനിടെ പ്രതിഭാഗം വാദിച്ചിരുന്നു.

ദിവ്യ അന്വേഷണവുമായി സഹകരിച്ചില്ലെന്നും ജാമ്യം അനുവദിക്കരുതെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നു. ജാമ്യം അനുവദിക്കരുതെന്ന് നവീൻബാബുവിന്റെ കുടുംബവും ആവശ്യപ്പെട്ടു. എന്നാൽ, അന്വേഷണത്തിന്റെ ഏതുഘട്ടത്തിലും സഹകരിക്കുമെന്നായിരുന്നു ദിവ്യയുടെ അഭിഭാഷകന്റെ വാദം.

ഒരു കൈയ്യിൽ കൊള്ളുന്നത്രയും തെളിവുകൾ ഇനിയും പരിശോധിക്കാൻ ബാക്കിയുണ്ട്: പി.പി ദിവ്യയുടെ അഭിഭാഷകൻ

തലശ്ശേരി: എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് പി.പി ദിവ്യയ്ക്ക് തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി ജാമ്യം അനുവദിച്ചതിന് പിന്നാലെ പ്രതികരണവുമായി ദിവ്യയുടെ വക്കീൽ അഡ്വ. കെ.വിശ്വൻ. ഒരു കൈയ്യിൽ കൊള്ളാവുന്നത്രയും തെളിവുകൾ ഇനിയും പരിശോധിക്കാനുണ്ടെന്നും ജാമ്യം കിട്ടിയതിൽ സന്തോഷമുണ്ടെന്നും കെ.വിശ്വൻ പറഞ്ഞു.

കൂടുതൽ വിവരങ്ങൾ പുറത്തുവരുന്നതോടെ പൊതുസമൂഹം ഇതുവരെ ചർച്ചചെയ്ത വിഷയം മാത്രമല്ല, ഇതിനിടയിൽ മറ്റുചില കാര്യങ്ങൾ കൂടെയുണ്ടെന്ന് വ്യക്തമാവും. അന്വേഷണം ഒരിക്കലും ഏകമുഖമാകരുത്. ദിവ്യയുടെ കൈയിലുള്ള മറ്റ് വിശദവിവരങ്ങൾ അന്വേഷണത്തിന് കൈമാറുമെന്നും അഡ്വ. വിശ്വൻ പറഞ്ഞു.

പി.പി. ദിവ്യയെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ് ജാമ്യം നൽകിക്കൊണ്ടുള്ള വിധി. ഇത് നിയമപോരാട്ടത്തിന് പുതിയ മുഖം കൊണ്ടുവരും. ഇന്നുതന്നെ ജയിൽ മോചിതയാക്കാൻ ശ്രമം നടത്തും. ഒരു വക്കീൽ എന്ന നിലയിൽ കോടതിയുടെ മുന്നിൽ വസ്തുത അംഗീകരിക്കപ്പെട്ടെന്നതിൽ സന്തോഷമുണ്ടെന്നും വിശ്വൻ മാധ്യമങ്ങളോട് വ്യക്തമാക്കി.

കുറച്ച് ദിവസമായി അവൾ ജയിലിൽ കിടക്കുകയാണ്, ജാമ്യം ലഭിച്ചതിൽ സന്തോഷം; പി.കെ ശ്രീമതി

കണ്ണൂർ: നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ ഒന്നാം പ്രതി പി.പി ദിവ്യയ്ക്ക് ജാമ്യം അനുവദിച്ചത് വളരെ സന്തോഷകരമായ കാര്യമാണെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം പി.കെ ശ്രീമതി. ഇത്തവണ ജാമ്യം കിട്ടുമെന്ന് തന്നെയാണ് പ്രതീക്ഷിച്ചതെന്നും ശ്രീമതി പ്രതികരിച്ചു.

കഴിഞ്ഞ കുറച്ചുദിവസമായി അവൾ ജയിലിൽ കിടക്കുകയാണ്. എന്തുതന്നെയായാലും മനപൂർവമല്ലാത്ത നിർഭാഗ്യകരമായ സംഭവം എന്നേ അതിനെ പറയാനുള്ളൂ. ദിവ്യയുടെ ഭാഗത്ത് നിന്ന് മനപൂർവം ഉണ്ടായ സംഭവമല്ല. ഉണ്ടായ പാകപ്പിഴകളെ സംബന്ധിച്ച് പാർട്ടി പരിശോധിച്ചു. കഴിഞ്ഞ കുറച്ചു ദിവസമായി ജയിലിൽ കിടക്കുന്ന ദിവ്യക്ക് ഇപ്പോഴെങ്കിലും ജാമ്യം കിട്ടിയില്ലെങ്കിൽ വലിയ വിഷമം ഉണ്ടായേനെ. ഏതൊരാളേയും എന്നപോലെ ദിവ്യക്കും നീതി നിഷേധിക്കപ്പെടാൻ പാടില്ല. എന്നെ സംബന്ധിച്ചും പാർട്ടിയെ സംബന്ധിച്ചും ദിവ്യയ്ക്ക് ജാമ്യം ലഭിച്ചത് ഏറെ സന്തോഷകരമാണെന്ന് പി.കെ ശ്രീമതി പറഞ്ഞു. റേപ്പ് പോലുള്ള ഏതുഭീകരമായ കുറ്റത്തിനും കോടതി ജാമ്യം അനുവദിക്കുന്നുണ്ടെന്ന കാര്യം നമ്മൾ മറക്കാൻ പാടില്ല. മനപൂർവമല്ലാത്ത ഒരു തെറ്റാണിത്. ചെയ്യണമെന്ന് വിചാരിച്ച് ചെയ്തതല്ല. നവീൻ ബാബുവിന്റെ ആത്മഹത്യ ഏറ്റവും നിർഭാഗ്യകരമായ സംഭവമാണെന്നും ശ്രീമതി പ്രതികരിച്ചു.

ഒറ്റവാക്കിലായിരുന്നു തലശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി വിധി പറഞ്ഞത്. ജാമ്യം കിട്ടിയതോടെ പതിനൊന്ന് ദിവസമായി ജയിലിൽ കഴിയുന്ന ദിവ്യക്ക് ഇന്ന് തന്നെ പുറത്തിറങ്ങാനാകും. അഞ്ചാം തീയതി വിശദമായ വാദം കേട്ട കോടതി ഇന്നത്തേക്ക് വിധി പറയാൻ മാറ്റിവെയ്ക്കുകയായിരുന്നു. മുൻകൂർ ജാമ്യാപേക്ഷ തള്ളിയ അതേ ജഡ്ജി തന്നെയാണ് ജാമ്യാപേക്ഷയിലും വിധി പറഞ്ഞത്.

അൻവറിനും ഡിഎംകെ സ്ഥാനാർഥിക്കുമെതിരെ പരാതി

നിലമ്പൂർ എം.എൽ.എ പി.വി അൻവറിന്റെ പാർട്ടി ഡിഎംകെയ്ക്ക് എതിരെ പരാതി നൽകി എൽഡിഎഫ്. 1000 വീട് വാഗ്ദാനം ചെയ്ത് വോട്ട് തേടുന്നു എന്നാണ് പരാതി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും റിട്ടേണിംഗ് ഓഫീസർക്കുമാണ് പരാതി നൽകിയത്. ചേലക്കര എൽഡിഎഫ് തിരഞ്ഞെടുപ്പ് കമ്മറ്റി സെക്രട്ടറി എ.സി മൊയ്തീനാണ് പരാതി നൽകിയത്. അൻവറിനും സ്ഥാനാർത്ഥിയായ എം കെ സുധീറിനുമെതിരെ നടപടി വേണമെന്നാണ് ആവശ്യം.

പാലക്കാട്ടെ റെയ്ഡ് ഷാഫിയുടെ നാടകവും കൂടിച്ചേർന്നത്: എം.വി ഗോവിന്ദൻ

പാലക്കാട്: കോൺഗ്രസ് നേതാക്കളുടെ മുറികളിൽ കള്ളപ്പണത്തിന്റെ പേരിൽ പോലീസ് നടത്തിയ റെയ്ഡ് ഷാഫി പറമ്പിലിന്റെ നാടകവും കൂടിച്ചേർന്നതാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ.

റെയ്ഡ് സംബന്ധിച്ച് പാലക്കാട് ജില്ലാ സെക്രട്ടറിയും എൽ.ഡി.എഫ് സ്ഥാനാർഥി ഡോ.പി.സരിനും നടത്തിയ വ്യത്യസ്ത അഭിപ്രായം സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു ഗോവിന്ദൻ. ഷാഫി തന്നെയാണ് ഇതിന്റെ സംവിധായകനെന്നും എം.വി ഗോവിന്ദൻ ചൂണ്ടിക്കാട്ടി.

എല്ലാവരുടേയും ശ്രദ്ധ പെട്ടിയലല്ലേ ഇപ്പോ. രാഹുൽ കയറിപ്പോയ വാഹനവും പെട്ടി കയറ്റിപ്പോയ വാഹനവും വേറെയാണ് എന്ന കാര്യം പുറത്തുവന്നതോടെ ചിത്രം മാറിയില്ലേ. എന്തുതന്നെയായാലും കള്ളപ്പണം ഒഴുക്കാൻ പാടില്ലെന്നും എം.വി ഗോവിന്ദൻ വ്യക്തമാക്കി.

പി.പി ദിവ്യയുടെ കാര്യത്തിൽ കൃത്യമായ നിലപാട് തന്നെയാണ് പാർട്ടിയെടുത്തത്. പാർട്ടി എപ്പോഴും നവീൻ ബാബുവിന്റെ കുടുംബത്തിന് ഒപ്പം തന്നെയാണ്. അക്കാര്യം നേരത്തേയും വ്യക്തമാക്കിയതാണ്. ദിവ്യയെടുക്കുന്ന നിലപാടല്ല പാർട്ടി നിലപാട്. പാർട്ടിക്ക് പാർട്ടിയുടേതായ നിലപാടുണ്ടെന്നും എം.വി ഗോവിന്ദൻ ചൂണ്ടിക്കാട്ടി.

ദിവ്യയെ കാണാൻ നേതാക്കൾ പോയിരുന്നല്ലോ എന്ന ചോദ്യത്തിന് ഇനിയും പോകുമെന്നും കേഡർമാരെ കൊല്ലുകയല്ല തിരുത്തുകയാണ് വേണ്ടതെന്നും എം.വി ഗോവിന്ദൻ വ്യക്തമാക്കി.

തിരുവിതാംകൂർ മഹാരാജാവിന്റെ ഭൂമിയായ മുനമ്പം വഖഫ് ബോർഡിന്റെ കൈകളിൽ എത്തിയ വഴി

മുനമ്പം കടപ്പുറത്തെ സമരപന്തലിൽ എത്തിയ കേന്ദ്രമന്ത്രി സുരേഷ്ഗോപി സംസാരിക്കുന്നു. ഫാ. ആന്റണി തോമസ്, ഫാ. ഫ്രാൻസിസ് താനിയത്ത്, സമരസമിതി കൺവീനർ ജോസഫ് റോക്കി പാലക്കൽ, ജോസഫ് ബെന്നി കറ്റപ്പശേരി, സിജി ജിൻസൺ, ബി.ജെ.പി ജില്ലാപ്രസിഡന്റ് അഡ്വ. കെ.എസ്. ഷൈജു, ഇ.എസ്. പുരുഷോത്തമൻ, സി.ജി. രാജഗോപാൽ, എം.വി. വിനിൽ, കെ.കെ. വേലായുധൻ, ഷിബിൻലാൽ, വി.വി. അനിൽ തുടങ്ങിയവർ സമീപം

തിരു: എറണാകുളം ജില്ലയുടെ പടിഞ്ഞാറ് പ്രകൃതി മനോഹരമായ തീരമാണ് മുനമ്പം. മത്സ്യത്തൊഴിലാളി ഗ്രാമം. ഇവിടെയുമുണ്ട് ഒരു വേളാങ്കണ്ണി കടപ്പുറം. കടൽത്തീരകളോട് പൊരുതി ജീവിക്കുന്നവർ. ക്രൈസ്തവരും ഹൈന്ദവരുമാണ് ഏറെയും. അവരുടെ ആരാധനാലയങ്ങളുമുണ്ട്. ശാന്തമായിരുന്ന ഈ ജനതയുടെ മനസിൽ ഇന്ന് കാറ്റും കോളുമാണ്. സുനാമി പോലെ വന്ന വഖഫ് ഭൂമിപ്രശ്നത്തിൽ അറുനൂറു കുടുംബങ്ങൾ കുടിയിറക്ക് ഭീഷണിയിലാണ്. ഇവർ വസിക്കുന്ന ഭൂമി വഖഫ് സ്വത്താണെന്നതാണ് ഔദ്യോഗിക വാദം. പതിറ്റാണ്ടുകളായി താമസിക്കുന്നവരുടെ കരമെടുക്കുന്നത് റവന്യൂ വകുപ്പ് പൊടുന്നനേ നിറുത്തി. ഇത് വഖഫ് സ്വത്താണെന്ന് സംസ്ഥാന വഖഫ് ബോർഡ് അറിയിച്ച സാഹചര്യത്തിലാണിത്.

തീരവാസികളുടെ പ്രതിഷേധം ആദ്യം അവഗണിക്കപ്പെട്ടു. വഖഫ് നിയമത്തിന്റെ സവിശേഷ സ്വഭാവം കാരണം നിയമനടപടികൾ തീർപ്പായില്ല. ഇതോടെ വൈദികരുടെ നേതൃത്വത്തിൽ സമരം ശക്തമാക്കി. സംഘപരിവാർ സംഘടനകളടക്കം പിൻതുണച്ചു.

സാമുദായിക ധ്രുവീകരണത്തിന്റെ സാദ്ധ്യത കണ്ടു. തങ്ങളെ ശത്രുപക്ഷത്താക്കാനുള്ള നീക്കം മനസിലാക്കിയ മുസ്ലീം സംഘടനകൾ പക്വതയാർന്ന നിലപാടെടുത്തു. പ്രശ്നം രമ്യമായി പരിഹരിക്കണമെന്നാവശ്യപ്പെട്ടു. വോട്ടു ബാങ്കിൽ വിള്ളൽ ഉറപ്പായതോടെ സംസ്ഥാന സർക്കാർ ഇളകി. ഈ മാസം 28ന് മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ കൊണ്ടുവന്ന വഖഫ് നിയമ ഭേദഗതി ബിൽ പാസാക്കാൻ ഊർജിത ശ്രമം നടക്കുന്നതിനിടെയാണ് മുനമ്പം ശ്രദ്ധേയമാകുന്നത്.

കാളയുടെ ആക്രമണം, കൊമ്പിൽ നിന്ന് പിടിവിടാതെ വയോധിക

ന്യൂഡൽഹി: കാളയുടെ ആക്രമണത്തിൽനിന്ന് സാഹസികമായി രക്ഷപ്പെട്ട വയോധികയുടെ വീഡിയോ വൈറലാകുന്നു. അപ്രതീക്ഷിതമായ ആക്രമണത്തിൽ ധൈര്യം നഷ്ടപ്പെടാതെ, ധീരമായി നടത്തിയ ചെറുത്തുനിൽപ്പ് ആരെയും അത്ഭുതപ്പെടുത്തും. കഴിഞ്ഞദിവസം ആയനഗറിലെ ഗെയിൽ നമ്പർ 8ലാണ് സംഭവം.

ഇടുങ്ങിയ വഴിയിലൂടെ നടന്നുപോകുമ്പോഴാണ് സ്ത്രീയെ യാതൊരു പ്രകോപനവുമില്ലാതെ കാള ആക്രമിച്ചത്. പെട്ടെന്ന് വിരണ്ടോടി വന്ന കാള ചുമരിലേക്ക് തള്ളിയിട്ട് കുത്താൻ ശ്രമിക്കുകയായിരുന്നു. കാളയുടെ കൊമ്പിൽ തലമുടി കുടുങ്ങിയതോടെ വയോധികയെ കാള നിലത്തുകൂടി വലിച്ചിഴച്ചു. കാളയുടെ കൊമ്പുകളിൽ പിടിച്ച് തൂങ്ങിക്കിടന്നതോടെ കാളയ്ക്ക് തുടർന്ന് ആക്രമിക്കാനായില്ല.

സമീപവാസികൾ ഓടിയെത്തിയാണ് സ്ത്രീയെ കാളയുടെ കൊമ്പിൽനിന്ന് വേർപെടുത്തിയത്. സംഭവത്തിന്റെ വീഡിയോ സാമൂഹികമാധ്യമങ്ങളിൽ വൈറലായിരിക്കുകയാണ്. ഞെട്ടലോടെയല്ലാതെ വീഡിയോ കാണാനാകില്ല. നിരവധി കമൻറുകളും വീഡിയോയ്ക്ക് ലഭിക്കുന്നുണ്ട്.

അലിഗഢ് സർവകലാശാല ന്യൂനപക്ഷ സ്ഥാപനമല്ലെന്ന വിധി സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി: പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ അലിഗഢ് മുസ്ലിം സർവകലാശാല ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമല്ലെന്ന വിധി സുപ്രീംകോടതി റദ്ദാക്കി. 1967-ൽ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് എസ്. അസീസ് ബാഷ കേസിൽ പുറപ്പെടുവിച്ച വിധിയാണ് സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടന ബെഞ്ച് റദ്ദാക്കിയത്.

അതേസമയം, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവിക്ക് അർഹത ഉണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള മാർഗ്ഗരേഖ സുപ്രീംകോടതി പുറത്തിറക്കി. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ അലിഗഢ് മുസ്ലിം സർവ്വകലാശാല ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമാണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ഏഴംഗ ബെഞ്ചിന്റേതാണ് സുപ്രധാനമായ വിധി. ഏഴംഗബെഞ്ചിൽ ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് എഴുതിയ വിധിയെ ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവർ പിന്തുണച്ചു. ജസ്റ്റിസുമാരായ സൂര്യകാന്ത്, ദിപാങ്കർ ദത്ത, എസ്. സി. ശർമ്മ എന്നിവർ ഭിന്നവിധി എഴുതി.

ഒരു വിദ്യാഭ്യാസസ്ഥാപനം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ സ്ഥാപിച്ച് ഭരണം നടത്തുകയാണെങ്കിൽ മാത്രമേ അവർക്ക് ന്യൂനപക്ഷ പദവി അവകാശപ്പെടാൻ സാധിക്കുകയുള്ളു എന്നാണ് 1967-ൽ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് എസ്. അസീസ് ബാഷ കേസിൽ വിധിച്ചത്. അലിഗഢ് മുസ്ലിം സർവ്വകലാശാല, പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായതിനാൽ ന്യൂനപക്ഷ പദവി അവകാശപ്പെടാനാകില്ലെന്നായിരുന്നു ഭരണഘടനാ ബെഞ്ച് വിധിച്ചത്. ഈ വിധിയാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് എഴുതിയ ഭൂരിപക്ഷ വിധിയിലൂടെ റദ്ദാക്കപ്പെട്ടിരിക്കുന്നത്.

അഞ്ചുമാൻ ഇ. റഹ്മാനിയ കേസിൽ സുപ്രീംകോടതിയുടെ രണ്ടംഗ ബെഞ്ച്, അഞ്ച് അംഗ ഭരണഘടന ബെഞ്ചിന്റെ വിധിയിൽ സംശയം പ്രകടിപ്പിച്ചിരുന്നു. തുടർന്ന് അസീസ് ബാഷ കേസിലെ വിധി പുനഃപരിശോധനയ്ക്കായി ഏഴംഗ ബെഞ്ചിന്റെ പരിഗണനയ്ക്ക് 1981 നവംബർ 26ന് സുപ്രീംകോടതിയുടെ രണ്ടംഗ ബെഞ്ച് വിട്ടു. 43 വർഷങ്ങൾക്ക് ശേഷമാണ് ഇപ്പോൾ വിഷയം സുപ്രീംകോടതിയുടെ ഏഴംഗ ബെഞ്ച് പരിഗണിച്ച് വിധി പ്രസ്താവം നടത്തിയത്.

വീണ്ടും നിരക്ക് കുറച്ച് യു.എസ്: വിദേശികൾ തിരിച്ചുവരുമോ, വിപണി കുതിക്കുമോ?

വാഷിംഗ്ടൺ: പ്രതീക്ഷിച്ചതുപോലെ യുഎസ് കേന്ദ്ര ബാങ്കായ ഫെഡ് റിസർവ് നിരക്കിൽ കാൽ ശതമാനംകൂടി കുറവ് വരുത്തി. നിരക്കിളവിൽ കുതിച്ച നാസ്ദാക്ക് 1.5 ശതമാനംവരെ ഉയർന്നു. അതേസമയം, രാജ്യത്തെ വിപണിക്ക് നേട്ടമാക്കാനുമായില്ല. വിദേശ നിക്ഷേപകരുടെ പിന്മാറ്റം ഇപ്പോഴും തുടരുന്നതാണ് കാരണം.

നിരക്ക് കുറച്ചിട്ടും യുഎസിലെ കടപ്പത്ര ആദായം സ്ഥിരതയോടെ തുടരുകയാണ്. തിരഞ്ഞെടുപ്പ് ഫലം സമീപകാലയളവിൽ നയത്തെ സ്വാധീനിക്കില്ലെന്ന് ഫെഡ് മേധാവി ജെറോം പവൽ പറഞ്ഞതിന് പിന്നാലെയായിരുന്നു ഇത്.

ഉയർന്ന പണപ്പെരുപ്പ സൂചനകളാണ് കടപ്പത്ര വിപണിയിൽനിന്ന് ലഭിക്കുന്നത്. ട്രംപിന്റെ നയങ്ങൾ പണപ്പെരുപ്പം കൂട്ടാനിടയുണ്ടെന്നും വിദഗ്ധർ നിരീക്ഷിക്കുന്നു. അങ്ങനെയെങ്കിൽ ആദായത്തെ ബാധിക്കുമെന്നുമാത്രമല്ല, നിരക്ക് കുറയ്ക്കലിന്റെ പാതയിൽനിന്ന് ഫെഡ് വ്യതിചലിക്കാനും ഇടയാക്കിയേക്കാം.

ഡിസംബറിൽ കാൽ ശതമാനംകൂടി നിരക്കിൽ ഇളവ് വരുത്തിയേക്കാമെന്നാണ് ബാർക്ലെയ്സിന്റെ അനുമാനം. അതേസമയം, 2025ൽ കാൽ ശതമാനം വീതമുള്ള രണ്ട് നിരക്ക് കുറയ്ക്കലിന് മാത്രമെ സാധ്യതയുള്ളൂവെന്നും വിലയിരുത്തുന്നു.

ഉപഭോഗം, കമ്പനികളുടെ വരുമാനം, വിദേശ നിക്ഷേപകരുടെ നീക്കം എന്നിവയുടെ ചിത്രം വ്യക്തമാകുന്നതോടെ മാത്രമെ രാജ്യത്തെ ഓഹരി വിപണിയിൽ നിലവിലെ സാഹചര്യത്തിൽനിന്ന് മാറ്റമുണ്ടാകൂ.

സമ്പദ്വ്യവസ്ഥയ്ക്ക് പിന്തുണ ആവശ്യമുള്ള സമയമാണെങ്കിൽ പോലും രാജ്യത്തെ വിലക്കയറ്റ സൂചിക വീണ്ടും ഉയരുന്ന സാഹചര്യത്തിൽ ഉടനെയൊരു നിരക്ക് കുറയ്ക്കലിന് റിസർവ് ബാങ്ക് തയ്യാറയേക്കില്ല. അതേസമയം, 2025 കലണ്ടർ വർഷത്തെ ആദ്യ പാദത്തിനിടെ കാൽ ശതമാനമെങ്കിലും നിരക്ക് കുറയക്കാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല.

സൽമാൻ ഖാന് വീണ്ടും വധഭീഷണി

മുംബൈ: നടൻ സൽമാൻ ഖാന് വീണ്ടും വധഭീഷണി. ലോറൻസ് ബിഷ്ണോയ് സംഘത്തിന്റെത് എന്ന പേരിലാണ് ഭീഷണി. ഇന്നലെ രാത്രി മുംബൈ ട്രാഫിക് കൺട്രോൾ റൂമിലേക്കാണ് സന്ദേശം എത്തിയത്. വർളി പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി. സൽമാനെയും ലോറൻസ് ബിഷ്ണോയ് സംഘത്തെയും പ്രതിപാദിക്കുന്ന ഗാനം പുറത്ത് വന്നിരുന്നു. ഈ ഗാന രചയിതാവിനെയും വധിക്കും എന്നാണ് ഭീഷണി.

സന്ദീപ് വാര്യർ ബിജെപി വിട്ടേക്കും, സിപിഐയിലേക്കെന്ന് സൂചന



പാലക്കാട്: സന്ദീപ് വാര്യർ ബിജെപിയിൽ നിന്ന് പുറത്തേക്കെന്ന് സൂചന. ആർഎസ്എസ് നേതൃത്വം സന്ദീപുമായുള്ള ചർച്ചകൾ അവസാനിപ്പിച്ചുവെന്നാണ് വിവരം. സന്ദീപ് സിപിഐയിൽ ചേരുമെന്നാണ് ഒരു സ്വകാര്യ ടെലിവിഷൻ ചാനൽ റിപ്പോർട്ട് ചെയ്യുന്നത്. പാലക്കാട്ടെ ഒരു മന്ത്രിയാണ് ഇതിന് ചുക്കാൻ പിടിക്കുന്നതെന്നും സൂചനയുണ്ട്.

മണ്ണാർക്കാട്ടെ സിപിഐ പ്രാദേശിക നേതാക്കളുമായി സന്ദീപ് ചർച്ച നടത്തിയെന്ന രീതിയിലും വാർത്തകൾ പുറത്തുവരുന്നുണ്ട്. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ മണ്ണാർക്കാട് സീറ്റ് സന്ദീപിന് കൊടുക്കാം എന്നതാണ് ഡീൽ. അത്തരത്തിലൊരു ഉറപ്പ് സന്ദീപിന് കിട്ടിയതായും അഭ്യൂഹം ശക്തമാണ്.

എന്നാൽ സന്ദീപ് വാര്യർ ബിജെപി വിട്ട് ഒരിടത്തേക്കും പോകില്ലെന്നാണ് ബിജെപി സംസ്ഥാന ഉപാദ്ധ്യക്ഷൻ കൂടിയായ മേജർ രവി പ്രതികരിച്ചത്. 'സന്ദീപ് ഇവിടെ നിന്ന് ചാടി അപ്പുറത്തോട്ട് പോകില്ല. ദേശീയ വികാരമുള്ള ഒരാളാണ് സന്ദീപ്. മറ്റു രാജ്യങ്ങളെ പിന്തുണയ്ക്കുന്ന പാർട്ടിയിലേക്ക് സന്ദീപ് പോകില്ല. ഒന്നര വർഷത്തിനകത്ത് ഇവിടെ പലതും ചെയ്യാനുണ്ട്. കമാൻഡർ എന്ന നിലയിൽ ഞാൻ പല പദ്ധതികളും തയാറാക്കി വച്ചിട്ടുണ്ട്. പാലക്കാട് ബിജെപി വിജയിക്കും എന്ന കാര്യത്തിൽ തർക്കമില്ല. ചേലക്കരയിൽ വലിയ മുന്നേറ്റമുണ്ടാക്കും. സർപ്രൈസ് ഉണ്ടാക്കുന്ന തിരഞ്ഞെടുപ്പ് ഫലമാകും ചേലക്കരയിൽ ഉണ്ടാവുക" മേജർ രവി പറഞ്ഞു.

പെട്ടിയുടെ പിന്നാലെ പോകാനില്ല, വികസനം ചർച്ചയാകണം; റെയ്ഡ് വിവാദത്തിൽ എൻ.എൻ. കൃഷ്ണദാസ്

പാലക്കാട്: ദിവസങ്ങൾ നീണ്ട വലിയ ചർച്ചകൾക്കും വിവാദങ്ങൾക്കും ശേഷം കള്ളപ്പണ ആരോപണത്തേയും നീലപ്പെട്ടിയേയും വിട്ടുപിടിക്കാൻ സി.പി.എം. പാലക്കാട് പെട്ടിയല്ല ചർച്ചയാകേണ്ടതെന്നും വികസനമാണ് ചർച്ചയാക്കേണ്ടതെന്നും സി.പി.എം സംസ്ഥാന സമിതി അംഗം എൻ.എൻ കൃഷ്ണദാസ് പ്രതികരിച്ചു.

കള്ളപ്പണമുണ്ടെങ്കിൽ അത് കണ്ടുപിടിക്കാൻ ശക്തിയുള്ളവരാണ് കേരള പോലീസ്. പരാതി കൊടുത്തിട്ടുമുണ്ട്. അതിന് പിന്നാലെ പോവാനില്ല. സംസ്ഥാനത്തെ ഏറ്റവും വികസനമുരടിപ്പുള്ള മണ്ഡലമാണ് പാലക്കാട്ടെന്നും അവിടെ വികസനം ചർച്ചയാകണമെന്നും കൃഷ്ണദാസ് പറഞ്ഞു.

അങ്ങനെയല്ലല്ലോ ജില്ലാ സെക്രട്ടറിയുടേയും സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റേയും നിലപാടെന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് അത് അവരോട് പോയി ചോദിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതോടെ ഇതുവരെ നേതാക്കളും പാർട്ടിയും സ്വീകരിച്ച നിലപാടിനെ സമ്പൂർണമായി തള്ളുക

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വെറ്ററിനറി സയൻസ് കോൺഗ്രസും അന്താരാഷ്ട്ര സെമിനാറും

തൃശൂർ: ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ കേരള, കേരള വെറ്ററിറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 16-ാമത് കേരള വെറ്ററിനറി സയൻസ് കോൺഗ്രസ്സും അന്താരാഷ്ട്ര സെമിനാറും 9മുതൽ 10 വരെ മണ്ണുത്തി വെറ്ററിനറി കോളേജിൽ നടക്കും. ജന്തുജന്യ രോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഏകാരോഗ്യസമീപനം എന്നതാണ് വിഷയം. കേരളത്തിലേയും ഇന്ത്യയിലേയും പ്രമുഖ വെറ്ററിനറി ഡോക്ടർമാർ പങ്കെടുക്കും. മികച്ച പ്രബന്ധാവതരണങ്ങൾ, അവാർഡ് ദാനം, മത്സരങ്ങൾ, കർഷകസംഗമം എന്നിവയുമുണ്ടായിരിക്കും.

ഉപസംവരണവും ക്രിമിലയറും നടപ്പാക്കരുത് - സംവരണ സംരക്ഷണ സമിതി

തൃശൂർ: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണത്തിന് വരുമാനപരിധിയും ഉപസംവരണവും നടപ്പാക്കരുതെന്ന് സംവരണ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ തൃശൂരിൽ നടന്ന സാമൂഹ്യനീതി സംഗമം-സംവരണ സംരക്ഷണ റാലി ആവശ്യപ്പെട്ടു.

50 ദളിത്,ആദിവാസി സമുദായ സംഘടനകൾ ഉൾക്കൊള്ളുന്നതാണ് സംവരണസംരക്ഷണ സമിതി

തൃശൂർ: വമ്പിച്ച റാലിയെ തുടർന്ന് തേക്കിൻകാട് മൈതാനത്തായിരുന്നു മഹാസംഗമം നടന്നത്. വരുമാനപരിധി ബാധകമാക്കിയും ഉപവർഗ്ഗീകരണം നടത്തിയതും ഉപസംവരണം നടപ്പാക്കണമെന്ന സുപ്രീംകോടതി വിധിക്കെതിരെ റിവ്യൂ പെറ്റിഷ്യൻ നൽകാനും ജനകീയ പ്രക്ഷോഭം സംഘടിപ്പിക്കാനും സംഗമം തീരുമാനിച്ചു.

കെ.പി.എം.എസ്.ജനറൽ സെക്രട്ടറി കെ.എ.തങ്കപ്പൻ ഉദ്ഘാടം ചെയ്തു. രാജീവ് നെല്ലിക്കുന്ന് അധ്യക്ഷത വഹിച്ചു. സണ്ണി എം.കപിക്കാട്, ടി.ആർ.ഇന്ദ്രജിത്ത്, എൻ.വി.രമേശൻ എന്നിവർ പ്രസംഗിച്ചു. നാഷ്ണൽ ലോ അക്കാദമി മുൻ ഡയറക്ടർ ഡോ.മോഹൻ ഗോപാൽ മുഖ്യപ്രഭാഷണം ചെയ്തു.

വാക്ക് ഇൻ ഇൻറർവ്യൂ

തൃശൂർ : കേരള കാർഷിക സർവകലാശാല, കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിങ് ആൻഡ് ഫുഡ് ടെക്നോളജി തവനൂരിൽ ഒരു പാർട്ട് ടൈം സ്റ്റുഡൻറ് കൗൺസിലറുടെ താൽക്കാലിക ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 18.11.2024 രാവിലെ 10 മണിക്ക് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. യോഗ്യത: മനശാസ്ത്രം, സോഷ്യൽ വർക്ക്, കൗൺസിലിംഗ് എന്നിവയിൽ ഏതിലെങ്കിലും എം.എ/എം.എസ്.സി/എം.എസ്.ഡബ്ലിയു.വിശദവിവരങ്ങൾക്ക് www.kcaet.kau.in,www.kau.in എന്നിവ സന്ദർശിക്കുക. ഫോൺ നമ്പർ:0494 2686214

ലോയേഴ്സ് കോൺഗ്രസ് വാഹനപ്രചരണ ജാഥ നടത്തി

തൃശൂർ: ജനാധിപത്യം സംരക്ഷിക്കാനും കേരളത്തിന്റെ വികസനത്തിനും യുഡിഎഫ് വിജയിക്കണമെന്ന് മുൻ കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. ചേലക്കര നിയോജകമണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ വിജയത്തിനായി ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് തൃശൂർ ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ വാഹന പ്രചാരണ ജാഥ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് അഡ്വ. പി കെ അബ്ദുൾ റഹ്മാൻ അധ്യക്ഷത വഹിച്ചു. കെപിസിസി വർക്കിങ് പ്രസിഡണ്ട് ടി എൻ പ്രതാപൻ, ഫ്രാൻസിസ് ജോർജ് എം പി, കെ പി സി സി ജന. സെക്രട്ടറി അഡ്വ. പി എം നിയാസ്, കെ പി സി സി സെക്രട്ടറി ഷാജി കോടങ്കണ്ടത്ത്, ജാഥാ ക്യാപ്റ്റൻ എൽ ഐ സി തൃശൂർ ജില്ല പ്രസിഡണ്ട് അഡ്വ. എസ് അജി, എൽ ഐ സി സംസ്ഥാന വൈസ് പ്രസിഡണ്ട് അഡ്വ.വിജു തോമസ്. അഡ്വ.എ.കെ. ഹസ്സൻകുട്ടി, അഡ്വ.ജോസ് മേച്ചേരി, അഡ്വ.സി. ടി. ഷാജി,അഡ്വ. എൽദോ പൂക്കുന്നേൽ, അഡ്വ. ടി.എസ് മായാദാസ്. , അഡ്വ. ടി.എച്ച്. മുഹമ്മദ് ഷെഫീഖ് അഡ്വ.പി എം ജോസഫ്, അഡ്വ.സുരേഷ്, അഡ്വ. സാബു തൊഴുപ്പാടൻ, അഡ്വ. എൻ. ഓ ഈനാശു,അഡ്വ നെവിൻ ജോർജ്,അഡ്വ. വി.എം. സൗമ്യ എന്നിവർ പ്രസംഗിച്ചു.

ആർ. ശങ്കർ അനുസ്മരണം നടത്തി

ഇരിങ്ങാലക്കുട: മുൻ മുഖ്യമന്ത്രി ആർ. ശങ്കറിന്റെ ചരമവാർഷിക ദിനം ബ്ലോക്ക് കോൺഗ്രസ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ അനുസ്മരണം, പുഷ്പാർച്ച എന്നിവയോടെ രാജീവ് ഗാന്ധി മന്ദിരാങ്കണത്തിൽ നടന്നു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്ത് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് സി. എസ്. അബ്ദുൾഹഖ്, നിയോജകമണ്ഡലം യൂത്ത് പ്രസിഡണ്ട് സനൽ കല്ലുക്കാരൻ, വിജയൻ എളേത്ത്, എ.സി. സുരേഷ്, ജോമോൻ, ജോസ് മാമ്പിള്ളി എന്നിവർ പ്രസംഗിച്ചു.

ഗുരുവായൂർ ഏകാദശി വിളക്കുകൾ നവംബർ 11ന് തുടക്കമാകും

ഗുരുവായൂർ : ഗുരുവായൂർ ഏകാദശിയോടനുബന്ധിച്ചുള്ള ഏകാദശിവിളക്കുകൾ നവംബർ 11ന് തുടങ്ങും.

പുരാതന കുടുംബമാ'യ പാലക്കാട് അലനല്ലൂർ പറമ്പോട്ട് അമ്മിണി അമ്മയുടെ വകയാണ് ആദ്യ വിളക്ക്. കുടുംബങ്ങളും വ്യക്തികളും സ്ഥാപനങ്ങളും വഴിപാടായാണ് 30 ദിവസം ഏകാദശി വിളക്ക് നടത്തുന്നത്. വിളക്കാഘോഷത്തിന്റെ ഭാഗമായി ക്ഷേത്രത്തിൽ വിശേഷാൽ കാഴ്ചശീവേലി, ഇടയ്ക്കപ്രദക്ഷിണം, റ്റാറിയത്തിൽ കലാപരിപാടികളും ഉണ്ടാകും. ഏകാദശി ദിവസമായ ഡിസംബർ 11ന് ഗുരുവായൂർ ദേവസ്വമാണ് ചുറ്റുവിളക്ക് നടത്തുക.

ഏകാദശി വിളക്കുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി ഗുരുവായൂർ ദേവസ്വം പെൻഷനേഴ്സ് അസോസിയേഷൻ നടത്താറുള്ള വിളംബര നാമജപഘോഷയാത്ര ഞായറാഴ്ച നടക്കും.

ഡോ: അംബേദ്കർ സമുദായ വികസനത്തിന് വലിയ സംഭാവന ചെയ്ത അതികായൻ

തൃശൂർ :ഇന്ത്യയുടെ സാമൂഹിക ന്യായത്തിനും, സമത്വത്തിനും, സമുദായ വികസനത്തിനും വേണ്ടി ഭീംറാവു രാംജി അംബേദ്കർ വലിയ സംഭാവനകളാണ് നാടിന് സമർപ്പിച്ചതെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു. ഭാരതീയ ദലിത് സാഹിത്യ അക്കാദമി കേരള സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച 28-ാമത് സംസ്ഥാന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു.

ഭാരതീയ ദലിത് അക്കാദമി പ്രസിഡന്റ് തോട്ടപ്പള്ളി ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉൽഘാടനം ചെയ്തു.

സംവിധായകൻ പി.കെ. ബാബുരാജ്, രാമദാസ് വേങ്ങേരി, ഇസ്മയിൽ മഞ്ഞാലി മധു ഇടുക്കി, സുഷമ കോതമംഗലം ,ബാബു നെല്ലിക്കുന്ന്,അനൂപ് തോട്ടംപ്പിള്ളി,വീണ വൈഗ,അനിത മലപ്പുറം,സജീവൻ കാസർകോട് എന്നിവർ പ്രസംഗിച്ചു.

വിലാസിനി പുരസ്കാരത്തിന് ഗ്രന്ഥങ്ങൾ ക്ഷണിച്ചു

തൃശൂർ: കേരള സാഹിത്യ അക്കാദമി 2024-ലെ വിലാസിനി പുരസ്കാരത്തിന് ഗ്രന്ഥങ്ങൾ ക്ഷണിച്ചു. 2021, 22, 23 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളാണ് പരിഗണക്കുക.

ഒരു നോവലിസ്റ്റിനെപ്പറ്റിയുള്ള സമഗ്രപഠനമോ നോവൽ എ വിഭാഗത്തിന്റെ മുഴുവനായ പഠനമോ നോവലിന്റെ സിദ്ധാന്തത്തെക്കുറിച്ചുള്ള പഠനമോ ആയിരിക്കണം.

ലേഖന സമാഹാരങ്ങളോ നോവലിസ്റ്റിനെക്കുറിച്ചുള്ള ജീവചരിത്രങ്ങളോ ഗവേഷണ പ്രബന്ധങ്ങളോ അവയുടെ സംഗ്രഹങ്ങളോ പരിഗണിക്കില്ല. ഗ്രന്ഥകർത്താക്കൾ, അവരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, പ്രസാധകർ, സാഹിത്യ സാംസ്കാരിക സംഘടനകൾ എിവർക്ക് അവാർഡ് പരിഗണനക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുതാണ്.

കൃതികളുടെ മൂു പകർപ്പുകൾ സെക്ര'റി, കേരള സാഹിത്യ അക്കാദമി, ടൗ ഹാൾ റോഡ്, തൃശൂർ 680020 എ വിലാസത്തിൽ 2024 നവംബർ 30-നകം ലഭിക്കണം.

കൂടൽമാണിക്യം ക്ഷേത്രത്തിലെ തണ്ടിക വരവ്

ഇരിഞ്ഞാലക്കുട: കൂടൽമാണിക്യം ക്ഷേത്രത്തിലെ തണ്ടികവരവ് ഇന്ന് വൈകുന്നേരം നടക്കും. നാളെ ഉച്ചക്ക് പുത്തിരി സദ്യയും, അത്താഴ പൂജക്ക് ശേഷം ഉണ്ണായിവാരിയർ സ്മാരക കലാനിലയം അവതരിപ്പിക്കുന്ന കഥകളിയും ഉണ്ടായിരിക്കും.

ഞായറാഴ്ച രാവിലെ 7.30 മുതൽ ക്ഷേത്രത്തിൽ മുക്കിടി നിവേദ്യം വിതരണം ചെയ്യും മുക്കിടി വാങ്ങുന്നതിനും സേവിക്കുന്നതിനുമായി നാടിന്റെ നാനാഭാഗത്തും നിന്നും ധാരാളം ഭക്തജനങ്ങൾ എത്തിച്ചേരുന്നത് പതിവാണ്.

അന്തർദേശീയ ശാസ്ത്ര ചലച്ചിത്രോത്സവം

തൃശൂർ: ജില്ലാ പഞ്ചായത്ത് സമേതം സമഗ്രവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ശാസ്ത്രം- സമാധാനം- വികസനം എന്ന വിഷയത്തിൽ ഇന്റർനാഷ്ണൽ സയൻസ് ഫിലിം ഫെസ്റ്റ്വെൽ നടത്തുമെന്ന് പ്രസിഡണ്ട് വി.എസ്. പ്രിൻസ് അറിയിച്ചു.

29,30 തിയ്യതികളിൽ രാമവർമ്മപുരം വിജ്ഞാൻ സാഗർ സയൻസ് ആന്റ് ടെക്നോളജി പാർക്കിലാണ് ഫെസ്റ്റിവെൽ. ഭൗമം ,ഐ.എഫ്.ടി.,കെ.എസ്.ഐ.ടി.സി., കേരള സാഹിത്യ പരിഷത്ത്, എന്നിവയുടെ സഹകരണവും ഉണ്ടായിരിക്കും.

നവംബർ 7ന് ദേശീയ ശാസ്ത്ര ദിനത്തിലാണ് ചലച്ചിത്രോത്സവത്തിന് തുടക്കമായത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ, മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രദർശനം നടക്കും. ചലച്ചിത്ര പോസ്റ്റർ പ്രകാശനവും ഉണ്ടായി.

ലോകശാസ്ത്രദിനമായ 10ന് രാമദാസ് തിയ്യറ്റർ കോംപ്ലക്സിൽ പരിപാടികളുടെ ഉദ്ഘാടനം സംവിധായകൻ ഷാജി.എൻ.കരുൺ നിർവ്വഹിക്കും. 15,16 തിയ്യതികളിൽ തൃശൂർ ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചലച്ചിത്രോത്സവ പ്രദർശനം ഉണ്ടായിരിക്കും.

മത്സരത്തിൽ ശാസ്ത്രസിനിമാനിർമ്മാണത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രൈസ്മണി ഉൾപ്പെടെ സമ്മാനങ്ങൾ നൽകും. 24 മുതൽ 28 വരെ ഗ്രന്ഥശാലകളെ ബന്ധപ്പെടുത്തി ടൂറിംഗ് സിനിമാപ്രദർശനം ഉണ്ടായിരിക്കും. 29,30 തിയ്യതികളിൽ വിജ്ഞാൻ സാഗറിൽ വെച്ചാണ് വിപുലമായ ശാസ്ത്ര ചലച്ചിത്രോത്സവം നടക്കുക. അന്തർദേശീയ സിനിമാ പ്രദർശനം, റോബർട്ടിക് ശിൽപ്പശാല, നക്ഷത്ര നിരീക്ഷണ ക്യാമ്പ് എന്നിവയുമുണ്ടായിരിക്കും. അനുബന്ധ പരിപാടികളും വിപുലമായി ഒരുക്കിയിട്ടുണ്ട്.

സൗഹൃദം പൂത്ത വഴിത്താരകൾ

ഭാഗം 2 - വി എം രാധാകൃഷ്ണൻ

നാൽപത് വർഷത്തോളമായി പത്രപ്രവർത്തന രംഗത്തുള്ള പ്രമുഖനാണ് ഗ്രന്ഥകർത്താവ്. ഇതിലെ ഉള്ളടക്കം 81 അദ്ധ്യായങ്ങളിലായി പരന്നുകിടക്കുന്നു. വൈവിധ്യമായ മേഖലകളിൽ കർമ്മ ശ്രേഷ്ഠത തെളിയിച്ച പ്രതിഭകളെക്കുറിച്ചാണ് മിക്കവാറും ലേഖനങ്ങൾ. ഗ്രന്ഥകർത്താവ് നേരിട്ട് അറിയുന്നവരും, ഈ ആവശ്യത്തിനായി അഭിമുഖ സംഭാഷണങ്ങൾ നടത്തിയവരും ഇതിൽപ്പെടും. ഇതിനെല്ലാം ഉപരി ലേഖകന്റ ദീർഘകാലത്തെ പ്രവർത്തന പരിചയം തന്നെ ആണ് വായന ആസ്വാദ്യമാക്കിയത്. നേരത്തെ അറിയാത്ത കുറേ പേരെ അറിയാനും, നേരത്തെ അറിഞ്ഞിരുന്ന കുറേ പേരേക്കുറിച്ച് കൂടുതൽ അറിയാനും ഇത് സഹായകമാണ്. ഡോ കോച്ചാട്ടിൽ ഗിരീശൻ.

വാൽക്കഷ്ണം: (ഈ പുസ്തകത്തിലെ ഭാഷ തന്നെ) പി ടി ചാക്കോയുടെ പീച്ചിയാത്ര 'അഞ്ചുവിളക്കിൽ' സി എ കൃഷ്ണൻ വിവരിച്ചിട്ടുള്ളത് ഏതാണ്ട് ഇതുപോലെ തന്നെ.

ഡോ രാജേഷിനെ പരമാർശിച്ചപ്പോൾ അദ്ദേഹത്തിന്റ അച്ഛനെ ഓർമ്മവന്നു - ഡോ കെ ജി നായർ. നായ്ക്കനാൽ നിന്ന് നടപ്പാതയിലൂടെ ഒരു വൈദ്യ പാഠപുസ്തകംകൈയ്യിൽ പിടിച്ച് ജോലിക്ക് നടന്ന് പോകുന്നത് ഒരു നിത്യ കാഴ്ചയായിരുന്നു. (അന്ന് തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി, ജില്ല ആശുപത്രിയിലായിരുന്നു). അതുപോലെ മരുന്നു കുറുപ്പടിയിൽ (prescription) തന്നെ, തന്റ രോഗ നിർണ്ണയം (Diagnosis) കുറിക്കുന്ന ഡോക്ടറാണ് അദ്ദേഹം.

മൂന്നമതായി, പുസ്തകത്തിൽ അക്ഷരപിശാചിന്റ ശല്യം ഉണ്ടായോ എന്ന് തോന്നി.

ബാലകൃഷ്ണൻ കുന്നമ്പത്ത്

ക്ഷേത്രക്കവർച്ച: പിടിയിലായത് കുപ്രസിദ്ധ മോഷ്ടാവ് നജിമുദ്ദീൻ

അന്തിക്കാട് : എറവ് ശ്രീകൃഷ്ണ ക്ഷേത്രത്തിൽ കവർച്ച നടത്തിയ പ്രതിയെ 48 മണിക്കൂറിനുള്ളിൽ അറസ്റ്റുചെയ്തു. കൊല്ലം അയത്തിൽ സ്വദേശി പുത്തൻവിള വീട്ടിൽ നജിമുദ്ദീനെയാണ്(52 വയസ്സ്) തൃശൂർ റൂറൽ എസ്.പി. നവനീത് ശർമ്മയുടെ നിർദ്ദേശ പ്രകാരം ഇരിങ്ങാലക്കുട ഡി.വൈ എസ്.പി. കെ.ജി.സുരേഷും സംഘവും അറസ്റ്റു ചെയ്ത്. ബുധനാഴ്ച രാത്രി പഴയന്നൂരിലെ ഒളിത്താവളത്തിൽ നിന്നാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.

ഏറെ നേരത്തെ പരിശോധനയിൽ ഒളിപ്പിച്ചു വച്ചിരുന്ന മോഷ്ടിച്ച പണവും പോലീസ് കണ്ടെത്തി. ഇത് അമ്പലത്തിലെ ഓഫീസ് റൂമും ഭഗവതിയുടെ നടയിലെ ഭണ്ഡാരവും പൊളിച്ചെടുത്ത പണവുമാണെന്ന് ഇയാൾ സമ്മതിച്ചു. ഇക്കഴിഞ്ഞ ചൊവ്വാഴ്ച പുലർച്ചെയാണ് അന്തിക്കാട് എറവ് ശ്രീകൃഷ്ണ ക്ഷേത്രത്തിലും തൊട്ടടുത്ത മൃഗാശുപത്രിയിലും മോഷണം നടന്നത്. വിവരമറിഞ്ഞ് ഇരിങ്ങാലക്കുട ഡി.വൈ.എസ്.പി. കെ ജി സുരേഷും എസ് ഐ കെ.അജിത്തും സംഘവും സ്ഥലത്തെത്തി പരിശോധന നടത്തി അന്വേഷണം ആരംഭിച്ചിരുന്നു. ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ദരും പരിശോധന നടത്തിയിരുന്നു. ലഭ്യമായ തെളിവുകൾ ശേഖരിച്ചും സംശയത്തിലുള്ള പ്രതികളെക്കുറിച്ചും പോലീസ് സംഘം നടത്തിയ മികവുറ്റ അന്വേഷണമാണ് നാല്പത്തെട്ടു മണിക്കൂറിനുള്ളിൽ പ്രതിയെ പിടികൂടാൻ സാധിച്ചത്. അറസ്റ്റിലായ നജിമുദ്ദീൻ നിരവധി മോഷണ കേസ്സുകളിൽ പ്രതിയാണ്. ജയിലിലായിരുന്ന ഇയാൾ ഒക്ടോബർ മധ്യത്തോടെയാണ് ജാമ്യത്തിലിറങ്ങിയത്. അന്തിക്കാട് എസ്.ഐ. കെ.അജിത്ത്, വി.എസ്.ജയൻ ക്രൈം സ്ക്വാഡ് അംഗങ്ങളായ സീനിയർ സി.പി.ഒ ഇ.എസ്.ജീവൻ, സി.പി.ഒ കെ.എസ്.ഉമേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

കള്ളൻ കുപ്രസിദ്ധൻ കേരളത്തിലുടനീളം കേസ്സുകൾ

ആദ്യമായാണ് കളവു നടത്തിയതിന്റെ പിറ്റേന്ന് പിടിയിലാകുന്നതെന്ന പരിഭവം കള്ളന്. മോഷണം ലക്ഷ്യമിട്ട് തിങ്കളാഴ്ച രാത്രി തൃശൂർ നിന്നും ബസ് കയറിയ പ്രതി നേരം ഇരുട്ടിയതോടെ എറവിൽ ബസ് ഇറങ്ങി മൃഗാശുപത്രിയുടെ പുറകിൽ ഇരുട്ടിൽ ഒളിച്ചിരുന്നു. അർദ്ധരാത്രിയോടെ വസ്ത്രം മാറി മൃഗാശുപത്രിയിലും, അമ്പലത്തിന്റ ഓഫീസ് റൂമും ഭണ്ഡാരങ്ങളും കുത്തിപ്പൊളിച്ച് പണം കവരുകയായിരുന്നു. സിസിടിവിയിൽ മുഖം പതിയാതിരിക്കാൻ കുട മറച്ചുപിടിച്ചാണ് ഇയാൾ എത്തിയത്.

മോഷണ ശേഷം പുലർച്ചെയാണ് ഇയാൾ അമ്പലപ്പറമ്പിൽ നിന്ന് സ്ഥലം വിട്ടത്.

ആലുവ ഈസ്റ്റ്, ആലപ്പുഴ സൗത്ത്, നോർത്ത് , തിരൂർ, കോട്ടയം ഗാന്ധിനഗർ, കരുനാഗപ്പള്ളി, ചവറ, കിളികൊല്ലൂർ, കുറത്തിക്കാട്, പഴയന്നൂർ, പാലക്കാട് സൗത്ത് പോലീസ് സ്റ്റേഷനുകളിൽ ഇയാൾ കേസ്സുകളിൽ പ്രതിയാണ്. ഇയാൾക്ക് വാറണ്ടും നിലവിലുണ്ട്

രാഷ്ട്രീയം മണ്ണിനോടും മനുഷ്യരോടും പ്രതിബദ്ധതയുള്ളതാകണം: ഡോ. അബ്ദുൽ ഹക്കീം അസ്ഹരി

കൊടുങ്ങല്ലൂർ : രാഷ്ട്രീയം മനുഷ്യനോടും പ്രകൃതിയോടും പ്രതിബദ്ധതയുള്ളതാകണമെന്ന് എസ്.വൈ. എസ് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. എ.പി. അബ്ദുൽ ഹകീം അസ്ഹരി പ്രസ്താവിച്ചു. എസ്.വൈ.എസ് പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി ജില്ലാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്ലാറ്റിനം സഫർ പദയാത്ര കൊടുങ്ങല്ലൂർ ചേരമാൻ ജുമാമസ്ജിദിന് സമീപം ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കക്ഷി രാഷ്ട്രീയത്തിന്റെ പേരിൽ മനുഷ്യമനസുകളിൽ അകൽച്ചയും വിദ്വേഷവും സൃഷ്ടിക്കുന്ന പ്രചാരണങ്ങളിൽ നിന്ന് രാഷ്ട്രീയ പാർട്ടികൾ പിൻമാറണമെന്നും ആരോഗ്യകരമായ സംവാദമാണ് രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ഉണ്ടാകേണ്ടതെന്നും രാജ്യത്തിന്റെ സമഗ്ര വികസനമാണ് രാഷ്ട്രീയ പാർട്ടികൾ ലക്ഷ്യം വെക്കേണ്ടതെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ചേരമാൻ ജുമാമസ്ജിദ് മഖാം സിയാറത്തിന് സമസ്ത കേന്ദ്ര മുശാവറ അംഗം പി.എസ്.കെ. മൊയ്തു ബാഖവി നേതൃത്വം നൽകി.

എസ്.വൈ.എസ് ജില്ലാ പ്രസിഡന്റ് അബ്ദുൽ അസീസ് നിസാമി, ജില്ലാ സെക്രട്ടറി പി.യു. ഷമീർ, കെ.എ. മാഹിൻ സുഹ്റി, അമീർ തളിക്കുളം, പി.എം.എസ്. തങ്ങൾ, വി.എ. ഹുസൈൻ ഫാളിലി, മുഹമ്മദ് ഇയാസ് , അമീർ വെള്ളിക്കുളങ്ങര എന്നിവർ പ്രസംഗിച്ചു. പദയാത്രക്ക് അഴീക്കോട്, എറിയാട് എസ് .എൻ പുരം എന്നീ സ്ഥലങ്ങളിൽ സ്വീകരണം നൽകി. ജില്ലയുടെ വിവിധ കേന്ദ്രങ്ങളിലെ സ്വീകരണത്തിന് ശേഷം നവംബർ 10 ന് പ്ലാറ്റിനം സഫർ പദയാത്ര തൃശൂരിൽസമാപിക്കും

മികച്ച ജനപ്രതിനിധിയെ പ്രകൃതി സംരക്ഷണ സംഘം പുരസ്ക്കാരം നൽകി ആദരിച്ചു

തൃശൂർ : പ്രകൃതി സംരക്ഷണ സംഘം കേരളത്തിന്റെ കേരളപ്പിറവി വാരാചരണത്തിന്റെ ഭാഗമായി മികച്ച ജനപ്രതിനിധിയായി തിരഞ്ഞെടുത്ത മാടക്കത്തറ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ സാവിത്രി രാമചന്ദ്രനെ മാടക്കത്തറ അങ്കണവാടിയിൽ വെച്ച് ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കരീം പന്നിത്തടം പുരസ്കാരവും,വൃക്ഷ തൈകളും നൽകി ആദരിച്ചു. പ്രകൃതി സംരക്ഷണ സംഘം കേരളം സംസ്ഥാന സെക്രട്ടറി ഷാജി തോമസ് എൻ അദ്ധ്യക്ഷത വഹിച്ചു. വിമുക്ത ഭടൻ കെ.സി.ധർമ്മരാജൻ, കവി കെ. കെ.എസ്. കുട്ടി, സുനിത ടീച്ചർ തുടങ്ങിയവർ അനുമോദന പ്രസംഗവും നടത്തി.

ജീവകാരുണ്യപ്രവർത്തന ഫണ്ട് ശേഖരണാർത്ഥം: ഫുട്ബോൾ ഷൂട്ട് ഔട്ട് മേള

ഇരിങ്ങാലക്കുട : തുറവൻകുന്ന് സെന്റ് ജോസഫ്സ് ഇടവക എകെസിസിയുടെ നേതൃത്വത്തിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഫണ്ട് ശേഖരണാർത്ഥം നവംബർ 10 ന് ഫുട്ബോൾ ഷൂട്ട് ഔട്ട് മേള നടത്തുന്നു. തുറവൻകുന്ന് പള്ളി ഗ്രൗണ്ടിൽ നടക്കുന്ന മേള മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ ജോപോൾ അഞ്ചേരി ഉദ്ഘാടനം ചെയ്യുമെന്ന് വികാരി ഫാ സെബി കൂട്ടാലപറമ്പിൽ, ജനറൽ കൺവീനർ ജോസഫ് അക്കരക്കാരൻ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. നവംബർ 17 ന് വൈകീട്ട് 6 ന് തുറവൻകുന്ന് സ്നേഹതീരം പാരീഷ് ഹാളിൽ നടക്കുന്ന അമ്മമാരെ ആദരിക്കൽ ചടങ്ങും ഫുട്ബോൾ മേളയുടെ സമ്മാനദാനവും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു നിർവഹിക്കും. ചടങ്ങിൽ ഇടവകയിലെ മികച്ച കർഷകരെ ഡോ ആർ എൽ വി രാമകൃഷ്ണൻ ആദരിക്കും.

തുടർന്ന് കൃഷ്ണകുമാർ ആലുവയുടെ നേതൃത്വത്തിൽ കലാപരിപാടികളും അരങ്ങേറും. എകെസിസി പ്രസിഡണ്ട് വിൽസൻ കരിപ്പായി, സെക്രട്ടറി ബെന്നി വിൻസെന്റ്, ട്രഷറർ ജോൺസൻ മാപ്രാണത്തുകാരൻ, കമ്മിറ്റി അംഗങ്ങളായ ദേവസ്സി തെക്കേക്കര, വിൻസൻ മഞ്ഞളി എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 489/2024

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. **Mrs. Jayanthi C.G,** Age 59 years,W/o Prakashan T.M, Thottathiparambil(H), Kuruvilassery,Kottamuri P.O.,Thrissur District,Kerala PIN - 680732
2. **Mr. Prakasan T M** Age 63 years, S/o Manikutty, Thottathiparambil(H),Kuruvilassery,Kottamuri PO., Thrissur District, Kerala PIN - 680732
3. **Mrs.Silaya Syamakumar** Age 35years, W/o Syamakumar, Thottathiparambil(H), Kuruvilassery, Kottamuri P.O., Thrissur District, Kerala PIN – 680732

- Respondents

The above numbered case is posted to **18.11.2024** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
**SRI O. V. RAJEEV ADVOCATE, ORAYA